# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - പേരാവൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അനിൽ കുമാർ.ടി.എസ്. ന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റ തീയതിയും സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പരും പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| ഉത്തരവ് നം.12018/എസ്റ്റാ.സി.3/2019/സിആർഡി | തീയതി: 04.12.2019 |

പരാമർശം:-1) കണ്ണൂർ അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 03.08.2019 ലെ ആർ.ഡി.1/1786/19 നമ്പർ കത്ത്

2) ജി.ഒ.(ആർ ടി) നം. 3411/09/എൽ.എസ്.ജി.ഡി. തീയതി 22.12.2009

3) ജി.ഒ.(ആർ.ടി) നം. 2938/10/എൽ.എസ്.ജി.ഡി. തീയതി 06.09.2010

4) സ.ഉ.(സാധാ) നം. 3303/2015/ത.സ്വ.ഭ.വ. തീയതി 11.11.2015

5) ഈ ഓഫീസിലെ 19.04.2011, 23.09.2016 എന്നീ തീയതികളിലെ 24520/എസ്റ്റാ.സി3/06/സി.ആർ.ഡി. നമ്പർ നടപടിക്രമങ്ങൾ

6) ഈ ഓഫീസിലെ 13.08.2018 ലെ 10989/എസ്റ്റാ.സി3/18/സി.ആർ.ഡി (1) നമ്പർ നടപടിക്രമം

## ഉത്തരവ്

ഇരിട്ടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ, ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട ശ്രീ.അനിൽ കുമാർ.ടി.എസ്. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിക്കപ്പെട്ടു. അച്ചടക്കനടപടിയുടെ ഭാഗമായി ലഭ്യമായ അന്വേഷണ റിപ്പോർട്ട് പ്രകാരം പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ സസ്പെന്റ് ചെയ്യുന്നതിന് ആധാരമായ ധനകാര്യ വകുപ്പിന്റെ നിഗമനങ്ങൾ അപ്പോഴും പ്രസക്തമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നതിനാൽ, ടിയാനെതിരെ സ്വീകരിക്കപ്പെട്ടിരുന്ന അച്ചടക്ക നടപടി പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം, ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടുകൂടി രണ്ട് വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട്, തീർപ്പാക്കിയിട്ടുണ്ട്

ടിയാനെതിരെയുള്ള അടച്ചടക്ക നടപടി പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ 19.04.2011 ലെ പരാമർശം (5) ഉത്തരവിൽ സീനിയർ ക്ലാർക്കു തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ടിയാനെ പരിഗണിച്ചിരുന്നില്ല. പിന്നീട് 23.09.2016 ലെ പരാമർശം (5) ഉത്തരവ് പ്രകാരം ടിയാന് 10.02.2016 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുകയും ടിയാൻ 01/2014 ന് അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയതിനാൽ പരാമർശം (6) ഉത്തരവ് പ്രകാരം ടിയാന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റ തീയതി 17.02.2014 ആയി പുനർനിർണ്ണയിച്ച് സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോരിറ്റി നം. 777 എന്ന് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 01/2014 ന് അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയതിലൂടെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹത നേടിയ സാഹചര്യത്തിൽ ടിയാൻ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരനായതിനാൽ, പ്രസ്തുത വിഭാഗത്തിലെ ജീവനക്കാർക്കുളള പ്രത്യേക പരിഗണന നൽകി അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കി 19.04.2011 ലെ പരാമർശം (5) സ്ഥാനക്കയറ്റ ഉത്തരവിൽ ടിയാന്റെ പേരും ഉൾപ്പെടുത്തണമെന്നും (അക്കൗണ്ടന്റ് ടെസ്റ്റ് യോഗ്യത നേടിയതിന് മുമ്പുളള 3 വർഷം) അർഹമായ തീയതിയിൽ സ്ഥാനക്കയറ്റ തീയതി പരിഷ്കരിച്ച് ഉത്തരവാകണമെന്നും ടിയാൻ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ടിയാൻ സസ്പെൻഷനിലായിരുന്ന കാലയളവിൽ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ സീനിയർ ആയിരുന്ന ശ്രീമതി. എസ്.ശ്രീദേവി ടിയാന്റെ ജൂനിയറായിരുന്ന ശ്രീ.പി.സ്മിത എന്നിവർക്ക് 30.04.2010 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. (ഉത്തരവ് നം.24520/എസ്റ്റാസി.3/06/ സി.ആർ.ഡി. തിയതി 28/07/2010) 19.04.2011 ലെ പരാമർശം (5) ഉത്തരവ് പരിശോധിച്ചതിൽ, 01.01.2001 മുതൽ 31.03.2005 വരെ കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 88 ആയ ടിയാനെ പരിഗണിച്ചിട്ടില്ലെന്നും ടിയാന്റെ ജൂനിയറായ സീനിയോരിറ്റി നമ്പർ 150 മുതലുളള ക്ലാർക്കുമാർക്ക് 29.03.2011 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്കു തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്നും കാണുന്നു.

സ്ഥാനക്കയറ്റത്തിനുളള യോഗ്യത നിർണ്ണയിക്കുമ്പോൾ സ്ഥാനക്കയറ്റ തീയതിക്കു തൊട്ടു മുമ്പുളള 3 വർഷത്തിനുളളിൽ നൽകിയ സെൻഷ്വർ ഒഴികെയുളള ശിക്ഷകൾ കണക്കിലെടുക്കണമെന്ന് KS & SSR ഭാഗം II ചട്ടം 28 b (ii) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 22.12.2009 ന് സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടിയുടെ ഭാഗമായി അന്വേഷണം നടത്തി 11.11.2015 ന് രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടുകൂടി തടഞ്ഞു കൊണ്ട് ശിക്ഷ നൽകുകയും ചെയ്ത സാഹചര്യത്തിൽ, പ്രസ്തുത ശിക്ഷ സസ്പെൻഷൻ തീയതിയിൽ (22.12.2009) തന്നെ നൽകുന്നതിന് ടിയാൾ അർഹനായിരുന്നെന്നും തുടർന്ന് വരുന്ന 3 വർഷകാലയളവിൽ ടിയാനെ സ്ഥാനക്കയറ്റത്തിൽ നിന്ന് ഒഴിച്ച് നിർത്തേണ്ടതും അതുകൊണ്ടുതന്നെ 28/07/2010, 19/04/2011 എന്നീ തീയതികളിലെ സ്ഥാനക്കയറ്റ ഉത്തരവിൽ ടിയാനെ ഉൾപ്പെടുത്താതിരുന്നതിൽ അപാകതയില്ലാത്തതുമാണ്.

അതിനാൽ 22.12.2009 മുതലുളള 3 വർഷകാലാവധിക്കുശേഷം 21.12.2012 മുതൽ മാത്രമേ ടിയാൻ സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടുന്നതിന് അർഹതനേടിയിട്ടുളളു. ഈ സാഹചര്യത്തിൽ 21.12.2012 ന് ശേഷം സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 28.12.2012 മുതൽ പ്രാബല്യത്തിൽ, പട്ടിക വിഭാഗത്തിൽപ്പെട്ട ജീവനക്കാരൻ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കി ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടതായിരുന്നെങ്കിലും ടി തീയതി പ്രാബല്യത്തിൽ ടിയാന് സ്ഥാനക്കയറ്റം നൽകിയിട്ടില്ല എന്നു കാണുന്നു. 01/2014 ന് ടിയാൻ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയതിലൂടെ സ്ഥാനക്കയറ്റത്തിന് അർഹതനേടിയ സാഹചര്യത്തിൽ, സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടുന്നതിന് അർഹത നേടിയ 28.12.2012 മുതൽ പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും കാണുന്നു.

ഈ സാഹചര്യത്തിൽ 19.04.2011 ലെ പരാമർശം (5) ഉത്തരവിൽ ടിയാന്റെ ജൂനിയർ ആയ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം അനുവദിക്കണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ടും, 01/2014 ൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയതിലൂടെ സ്ഥാനക്കയറ്റത്തിന് അർഹനായ ടിയാൻ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരനായതിനാൽ ടിയാൻ സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടുന്നതിന് അർഹത നേടിയ 28.12.2012 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോരിറ്റി നം. 622 ആയ ശ്രീ.ഡി.റെജിക്ക് തൊട്ടു താഴെയും സീനിയോരിറ്റി നം. 623 ആയി ശ്രീ.രൂപേഷ് കുമാർ പി.സി.യ്ക്ക് തൊട്ടു മുകളിലുമായി സീനിയോരിറ്റി നം. 622 എ എന്ന നിർണ്ണയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (6) ഉത്തരവ് പ്രകാരം ടിയാന് 17.02.2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ച സ്ഥാനക്കയറ്റവും 777 എന്ന സീനിയോറിറ്റിയും റദ്ദ് ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ് :-

ശ്രീ.അനിൽകുമാർ.റ്റി.എസ്, സീനിയർ ക്ലാർക്ക് (ബന്ധപ്പെട്ട ആഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്:

1. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കണ്ണൂർ
2. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പേരാവൂർ
3. ഗ്രാമവികസന കമ്മീഷണറുടെ സി. എ.ക്ക്
4. പി & എം സെക്ഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

10/12/17

ജൂനിയർ സൂപ്രണ്ട്